ഗർഷോം

പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളി
(പൗരസ്ത്യ ശ്മൂനി തീർത്ഥാടന കേന്ദ്രം)

Vol : 25

"GARSHOM" - THE OFFICIAL SHMOONI PRAVASI FORUM ONLINE BULLETIN

ഇതളുകൾ

Peace be with you; Shalom	03
ആധുനീക മനുഷ്യനും ആത്മീയതയും	05
അനിവാര്യമാണ് ഓരോ യാത്രയും	07
Because in Christ	08
സ്വർഗ്ഗീയ മാഖാലമാർ	09
വിശ്വസിച്ചാലും ഇല്ലെങ്കിലും	10
വി. പത്രോസ് പൗലോസ് ശ്ലീഹമാർ	11
വിസ്മയസഹിതം	13
A World Witout Time	15
ഇടവക വാർത്തകൾ	16
Kids Corner	18

എഡിറ്റോറിയൽ ടീം

റവ.ഫാ.തോമസ് പി. മുകളിൽ (പ്രസിഡന്റ്)
ജിനു തോമസ്
ജോബിൻ ജോൺ
രാജീവ് തോമസ്
അനു ബിജു
രേഖ സുനിൽ
റിബു ബേബി
പ്രിജോ വർഗ്ഗീസ്
ലിബിൻ എൻസൺ
ഷിനു മത്തായി

Marthashmooni

ഓൺലൈൻ വായനയ്ക്ക് സ്കാൻ ചെയ്യുക

നിർദ്ദേശങ്ങൾ, വിവരങ്ങൾ, കൃതികൾ എന്നിവയ്ക്ക്
+971 56 248 9638, +968 92968907

ശുരുമൊഴി

റവ.ഫാ.തോമസ് പി. മുകളിൽ

Peace be with you; Shalom

വണ്ടി കയറി പോകുന്നവരേയും വഴിയാത്രികരേയും പ്രാർത്ഥനയോടും കണ്ണുനീരോടും ശുഭയാത്ര ചൊല്ലി വിട ചൊല്ലുന്നത് നമ്മുടെ വീടുകളിലെയും നാട്ടിൻപുറങ്ങളിലെയും പഴയൊരു കാഴ്ച തന്നെയാണ്. ഇനിയൊരു മടങ്ങിവരവും കാണലും ഒരുപക്ഷേ അസാദ്ധ്യമെന്ന ചിന്തയിലായിരുന്നു അതൊക്കെ.

പൗലോസ് അപ്പോസ്തോലൻ എഫേസുസിൽ നിന്നും മടങ്ങിപ്പോകുമ്പോൾ അവർ കഴുത്തിൽ കെട്ടിപ്പിടിച്ചു കരഞ്ഞുവത്രേ!. ശരിക്കും ഒരു അന്ത്യചുംബനം പോലെ തന്നെ. 50 ശതമാനം മാത്രം യാത്ര ലക്ഷീകരിക്കുന്ന കലിതുള്ളിയ കാറും കോളും നിറഞ്ഞ പെരുങ്കടൽ മുന്നിൽ. ഭാഗ്യസ്മരണാർഹനായ എയ്ഞ്ചൽ ബാവാ (ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ ബാവാ) ദീർഘദൂര വിദേശയാത്രകൾക്കു മുമ്പ് കന്തീലാ ശുശ്രൂഷ സ്വീകരിച്ച ശേഷം പോകുമായിരുന്നു എന്ന് കേട്ടിട്ടുണ്ട്.

വിശുദ്ധ കുർബാനയിൽ എത്തിച്ചേരുന്നവരോട് അഞ്ചുവട്ടം സമാധാനവും മൂന്നുവട്ടം ആശിർവാദവും നൽകി, ഒടുവിൽ വഴിയാഹാരങ്ങളോടും തണ്ണീർക്കുടികളോടും പോവുകയെന്നും ബലഹീനനായ എനിക്കുവേണ്ടി പ്രാർത്ഥിക്കുക എന്നും പട്ടക്കാരൻ പറയുന്നു. വിദൂരങ്ങൾ താണ്ടി തിരുബലിയർപ്പണം എന്ന സ്വർഗീയവിരുന്നിനായി ഹൃദയപൂർവ്വം ക്രിസ്തുവിൽ ഒരുമിച്ചവരുടെ വിടവാങ്ങൽ.

അതിലും ഹൃദയാർദ്രമാണ് പട്ടക്കാരൻ ഓരോ വിശുദ്ധ കുർബാനയ്ക്കു ശേഷവും ബലിപീഠത്തോട് യാത്ര ചോദിക്കുന്നത്. "ഇനി നിന്റെ സന്നിധിയിലേക്ക് തിരികെ വരുമോ എന്നെനിക്ക് നിശ്ചയമില്ല സ്വർഗീയ മഹോന്നതങ്ങളിൽ നിന്നെ കാണുവാൻ ഇടവരട്ടെ" എന്ന് പ്രാർത്ഥനയോടെ ത്രോണോസിനെ ചുംബിച്ചുകൊണ്ട് പടിയിറക്കം.

നിലനിൽപ്പിനാധാരം ദൈവകൃപയാണെന്നും നിയോഗമാണ് ഓരോ കൂടിക്കാഴ്ചയെന്നും ഒരുപക്ഷേ ഇനി നമ്മൾ കാണുന്നത് സന്തോഷങ്ങളുടെ മണവറയിൽ ആയിരിക്കും എന്നൊക്കെയുള്ള തികച്ചും ആദ്ധ്യാത്മികമായ വികാരം മനസ്സിൽ കാത്തുസൂക്ഷിച്ചവരായിരുന്നു അക്കാലത്തെ വിശ്വാസികൾ.

ഓരോ കൂടിവരവുകളും കൂട്ടായ്മകൾ (fellowship) ആണെന്നും അസ്വാരസ്യങ്ങൾക്കോ അപകീർത്തികൾക്കോ അടിസ്ഥാനമില്ലെന്നും ദൈവസ്നേഹത്തിന്റെ ഭൂമികയിൽ സ്വാഭിമാനങ്ങൾക്കോ അഹംബോധങ്ങൾക്കോ ഇടയില്ലെന്നും ഉറക്കെ പ്രഖ്യാപിച്ച സംഗമങ്ങളായിരുന്നു അവയോരോന്നും.

ഒരു ദീർഘശ്വാസത്തിന്റെ പിൻബലത്തിൽ മാത്രം കാലുറപ്പിക്കുകയും ചുവടുവെക്കുകയും ചെയ്യുന്ന...ഇനിയൊരിക്കൽ കൂടി കാണുമെന്ന് ഒരു സാങ്കേതികവിദ്യയുടെ പിൻബലത്തിലും പറയാനാകാത്ത നാം.

കാലം മാറി കഥ മാറി. ഭൂഖണ്ഡാന്തര യാത്രകൾ തൊട്ടടുത്ത പീടികയിൽ പോകുന്ന ലാഘവത്തോടെ പോകാൻ കഴിയുന്ന ഇന്നാളിൽ മടങ്ങി പോകുന്നവരൊക്കെ മടങ്ങിവരും എന്നൊരു ഉറപ്പ് നമ്മെയൊക്കെ ഭരിക്കുന്നുണ്ട്. അതു കൊണ്ടാകാം കൂടിക്കാഴ്ചകളിലും ഷേക്ക് ഹാൻഡിലുമൊക്കെ ആകപ്പാടെ ഒരു സാങ്കേതികതയും നിഷ്ക്രിയതയും അലസതയും.

'അസ്സലാമു അലൈക്കും' 'ശാലോം' എന്നൊക്കെ അറബിയിലും സുറിയാനിയിലും ഹീബ്രുവിലും ഏതാണ്ട് ഒരേ അർത്ഥത്തിലുള്ള അഭിവാദ്യവും പ്രത്യഭിവാദ്യവും നാം കേട്ടിട്ടുണ്ട്. ഈശ്വര നാമത്തിലാണ് കൂടിക്കാഴ്ചകളും വേർപിരിയലും അതിനിടയിൽ അവിവേകങ്ങളും അനർത്ഥങ്ങളും സംഭവിക്കാതിരിക്കട്ടെ എന്നു സാരം.

ഒരു ദിവസത്തിൽത്തന്നെ സംഭവിക്കുന്ന ഓരോ സംഗമങ്ങളും വിടവാങ്ങലും ദൈവനാമത്തിൽ നിവർത്തിക്കുക. മടങ്ങിപ്പോകുന്നവരും നാമും മരിച്ചുപോകുന്നവരല്ലെങ്കിൽ പോലും ഇനിയും കാണുമെന്നാരു കണ്ടു?

'ലോകാ സമസ്താ, സുഖിനോ ഭവന്തു:'

RAMTHER

CERTIFIED ISO 9001:2015 COMPANY

RAMTHER POWER TECHNOLOGY PVT LTD

www.ramther.com

കുഴൽ ആകാനുള്ള സ്വാതന്ത്ര്യം

₹78,000 സബ്സിഡിയോടെ **5.75%** പലിശ നിരക്കിൽ
10 വർഷം വരെ ഈട് ഇല്ലാതെ ലോൺ സൗകര്യം

1000+ CUSTOMERS

8 YEARS OF EXPERIENCE

ALL KERALA SERVICE AVAILABLE

9633 559 283
9249 097 282

KOCHI
Edappally

ALAPPUZHA
Kalarcode

KASARAGOD
Kanhangad

ആധുനിക മനുഷ്യനും ആത്മീയതയും: ആന്തരിക പ്രതിസന്ധികളുടെ കാലഘട്ടം

ഫാ. ഡോ. നൈനാൻവി. ജോർജ്
(ജനറൽ സെക്രട്ടറി,
അഖിലമലങ്കരവൈദികസംഘം)

"പൂർണവളർച്ചയെത്താതെ മരിച്ചുപോകുന്ന ഒരേ ഒരു ജീവിയാണ് മനുഷ്യൻ." നമ്മുടെ കാലഘട്ടത്തിന്റെ എഴുത്തുകാരൻ സുഭാഷ്ചന്ദ്രന്റെ 'മനുഷ്യന് ഒരാമുഖം' എന്ന നോവലിലെ ഈ പ്രാരംഭവരികൾ ആധുനിക മനുഷ്യന്റെ ആത്മീയ ശൂന്യതയിലേക്കുള്ള വിരൽചൂണ്ടലാണ്. പരിണാമ പ്രക്രിയയിൽ ശാരീരിക വളർച്ചയുടെ നിശ്ചിത ഘട്ടങ്ങൾക്കപ്പുറം, മനുഷ്യൻ കാംക്ഷിക്കേണ്ട ഒന്നാണ് ആത്മീയമായ പൂർണ്ണത. എന്നാൽ, ജന്മവാസനയുടെ പ്രഹരമേറ്റ് പണിയെടുക്കുന്ന കേവലം യന്ത്രങ്ങളായി മനുഷ്യർ മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. സ്വന്തം ഇച്ഛയ്ക്കനുസരിച്ച് സൃഷ്ടിയിലേർപ്പെടുന്ന സ്വതന്ത്ര വ്യക്തികളായി മാറുന്നതിനു പകരം, പദാർത്ഥങ്ങൾക്കും സാഹചര്യങ്ങൾക്കും അടിമകളാകുന്നിടത്താണ് മനുഷ്യന്റെ പരിണാമം മുരടിച്ചുപോകുന്നത്.

ബന്ധങ്ങളുടെ സമുച്ചയമായ മനുഷ്യൻ

മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്. എന്നാൽ മറ്റ് ജീവിവർഗങ്ങളിലെ (ഉദാഹരണത്തിന് ഉറുമ്പുകൾ, തേനീച്ചകൾ തുടങ്ങിയ ആർത്രോപോഡുകൾ) സാമൂഹിക ജീവിതത്തിൽ നിന്ന് മനുഷ്യൻ വ്യത്യസ്തനാകുന്നത് അവന്റെ 'ബോധപൂർവ്വമായ തിരഞ്ഞെടുപ്പുകൾ' വഴിയാണ്. ജന്തുക്കളിലെ കൂട്ടായ ജീവിതം കേവലം ജന്മവാസനയുടെ (Instinct) ഭാഗമാണെങ്കിൽ, മനുഷ്യൻ തന്റെ ബുദ്ധിയും വിവേകവും ഉപയോഗിച്ചാണ് സമൂഹത്തെ പടുത്തുയർത്തിയത്. കാറൽ മാർക്സ് തന്റെ 'Theory of Human Nature' എന്ന പ്രബന്ധത്തിൽ നിരീക്ഷിച്ചതുപോലെ, 'മനുഷ്യൻ എന്നത് കേവലം ഒരു തത്ത്വമല്ല, മറിച്ച് സാമൂഹ്യ ബന്ധങ്ങളുടെ ഒരു സമുച്ചയമാണ്' (Man is the ensemble of social relations). ഈ ബന്ധങ്ങളിൽ നിന്നുണ്ടാകുന്ന ആത്മീയഊർജ്ജമാ ണ് മനുഷ്യനെ പൂർണ്ണനാക്കുന്നത്.

ഇന്നത്തെ ലോകം നേരിടുന്ന വേഗമേറിയ മാറ്റങ്ങൾ നമ്മുടെ ജീവിതമൂല്യങ്ങളെ സാരമായി ബാധിക്കുന്നു. ഈ മാറ്റങ്ങൾക്കിടയിൽ നാം നേരിടുന്ന പ്രധാന പ്രതിസന്ധികൾ താഴെപറയുന്നവയാണ്:

1. ഉപഭോക്തൃ സംസ്കാരവും ആത്മീയ തകർച്ചയും

ഇന്ന്ലോകം 'കൺസ്യൂമറിസം' (Consumerism) എന്ന പുത്തൻ ദൈവത്തെയാണ് ആരാധിക്കുന്നത്. ഭൗതിക സൗകര്യങ്ങളാണ് ജീവിത വിജയത്തിന്റെ അളവുകോലെന്ന് സമൂഹം നമ്മെ തെറ്റിദ്ധരിപ്പിക്കുന്നു. അവിടെ മതം പോലും അസാധ്യങ്ങൾ സാധ്യമാക്കാനുള്ള ഒരുലോട്ടറി ടിക്കറ്റായി മാറുന്നു. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ യേശു നൽകുന്ന മുന്നറിയിപ്പ് ഇവിടെ പ്രസക്തമാണ്:

"ഒരുമനുഷ്യൻ രണ്ടുപേരുടെ ദാസനാകാനാകില്ല... നിങ്ങൾ ദൈവത്തെയും ധനത്തെയും (മാമ്മോൻ) ഒരേസമയം സേവിക്കാനാകില്ല." (വി. മത്തായി 6:24)

ആത്മീയതയെ ലാഭനഷ്ടങ്ങളുടെ കണക്കു പുസ്തകമായി കാണുമ്പോൾ, അപരനെ സ്നേഹിക്കുവാനുള്ള ക്രിസ്തീയ മൂല്യങ്ങൾ അന്യമാകുന്നു. കുഞ്ഞുണ്ണി മാഷ് പരിഹസിച്ചതുപോലെ, 'യേശുവിലാണെന്റെ വിശ്വാസം, കീശയിലാണെന്റെ ആശ്വാസം' എന്ന നിലപാടിലേക്ക് നമ്മുടെ ഭക്തിചുരുങ്ങരുത്.

2. സാങ്കേതികവിദ്യയും സൈബർ ഏകാന്തതയും

ഡിജിറ്റൽ വിപ്ലവം ലോകത്തെ വിരൽത്തുമ്പിലാക്കിയെങ്കിലും, മനുഷ്യനെ അപരനിൽനിന്ന് അത് അകറ്റിക്കളഞ്ഞു. അതിരുകളില്ലാത്ത സൈബർലോകത്ത് നാം കൂടുതൽ ഏകാകികളാകുന്നു. ഫ്രഞ്ച് ദാർശനികയായ സിമോൺവെയിൽ പറഞ്ഞതുപോലെ, ദൈവത്തെ തേടാൻ സമയം കണ്ടെത്താത്തവനല്ല ദൈവത്തെ നഷ്ടപ്പെടുന്നത്, മറിച്ച് ദൈവം നമ്മെതേടി വരുന്ന നിമിഷങ്ങളിൽ മറ്റ് തിരക്കുകളിൽ മുഴുകി അതിനെ തിരസ്കരിക്കുന്നവനാണ്.

സ്മാർട്ട് ഫോണിലും സോഷ്യൽ മീഡിയ അൽഗോരിതങ്ങളിലും അമിതമായി മുഴുകുമ്പോൾ, ആത്മീയമായ നിശബ്ദതയ്ക്ക് (Solitude) നമ്മുടെ ജീവിതത്തിൽ ഇടമില്ലാതാകുന്നു. എൻറിക്കോഫെർമി ചോദിച്ചതുപോലെ 'എല്ലാവരും എവിടെ?' (Where is everybody?) എന്ന ചോദ്യം ഇന്ന് ഏറെ പ്രസക്തമാണ്. വെർച്വൽ ലോകത്തെ ആയിരക്കണക്കിന് സുഹൃത്തുക്കൾക്കിടയിലും മനുഷ്യൻ ആന്തരികമായി തനിച്ചാകുന്നു.

3. മതവും ആത്മീയതയും: പന്തവും പ്രകാശവും

'ആത്മീയത ഒരുപ്രകാശമാണ്; മതം ഒരുപന്തവും. പലപ്പോഴും ആളുകൾ പന്തംമാത്രം തഴുകുമ്പോൾ പ്രകാശം മറന്നുപോകുന്നു,' എന്ന് ഹസ്രത് ഇനായത്ത്ഖാൻ നിരീക്ഷിക്കുന്നു. ആധുനിക കാലഘട്ടത്തിൽ മതം പലപ്പോഴും ബാഹ്യമായ ആചാരങ്ങളിൽ മാത്രം തളയ്ക്കപ്പെടുന്നു. എന്നാൽ യുവാൽ നോവഹരാരി തന്റെ 'Nexus' എന്ന ഗ്രന്ഥത്തിൽ പറയുന്നതുപോലെ, ശാസ്ത്രം എത്ര വളർന്നാലും 'ഞാൻ ആരാണ്?' 'എന്താണ് എന്റെ നിയോഗം?' എന്നീ ചോദ്യങ്ങൾ അവശേഷിക്കും. ഈ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് ആത്മീയത നൽകേണ്ടത്.

4. യുവതലമുറയും വിശ്വാസ പ്രതിസന്ധിയും

ഇന്നത്തെ യുവജനങ്ങൾ ആത്മീയതയെ ചോദ്യം ചെയ്യുന്നത് അവർക്ക് അറിവിനോടുള്ള ദാഹം ഉള്ളതുകൊണ്ടാണ്. പരമ്പരാഗതമായ ശൈലികൾകൊണ്ട് മാത്രം അവരെ തൃപ്തിപ്പെടുത്താനാവില്ല. ശാസ്ത്രീയമായ കാഴ്ചപ്പാടുകളോടും യുക്തിചിന്തകളോടും സംവദിക്കാൻ കഴിയുന്ന ഒരു ആത്മീയപരിസരം സഭകളിൽ ഉണ്ടാകണം. മദർതെരേസ പറഞ്ഞതുപോലെ, ദൈവം നമുക്ക് അതിജീവിക്കാൻ കഴിയാത്ത പരീക്ഷണങ്ങൾ നൽകില്ല, എന്നാൽ അത് അതിജീവിക്കാൻ കഠിനമായ പരിശ്രമം ആവശ്യപ്പെടും.

ഉപസംഹാരം : ആത്മീയതയുടെ വീണ്ടെടുപ്പ്

ആധുനികതയുടെ വേഗതയിൽ നാം നഷ്ടപ്പെടുത്തിയത് നമ്മുടെ ആന്തരിക ശാന്തതയെയാണ്. പദാർത്ഥങ്ങളുടെ കൂമ്പാരത്തിലോ സാങ്കേതിക വിദ്യയുടെ അതിപ്രസരത്തിൽ ലോകത്തെത്താൻ കഴിയാത്ത ഒന്നാണ് ആത്മീയമായ സംതൃപ്തി. ശാരീരികമായ വളർച്ചയ്ക്കപ്പുറം, ചിന്തയിലും സ്നേഹത്തിലും അപരനോടുള്ള കരുണയിലും നാം വളരുമ്പോൾ മാത്രമേ 'പൂർണ്ണവളർച്ചയെത്തിയമനുഷ്യൻ' എന്ന പദവിക്ക് നാം അർഹരാകുന്നുള്ളൂ.

നാം ഓരോരുത്തരും ആത്മീയതയുടെ മഹത്തായ സന്ദേശം നമ്മുടെ ദൈനംദിന ജീവിതത്തിൽ നവീകരിക്കേണ്ടതുണ്ട്. അത് കേവലം പള്ളിയിലെ ആരാധനകളിലോ ആചാരങ്ങളിലോ മാത്രം ഒതുങ്ങി നിൽക്കേണ്ട ഒന്നല്ല; മറിച്ച്, അത് നമ്മുടെ പ്രവൃത്തികളിൽ പ്രതിഫലിക്കണം. തിരക്കിനിടയിലും ദിവസവും അല്പനേരം നിശബ്ദമായിരിക്കാനും, ആ നിശബ്ദതയിൽ ദൈവത്തിന്റെ സ്വരം കേൾക്കാനും നമുക്ക് കഴിയണം.

സാങ്കേതിക വിദ്യയെയും ഭൗതിക സമ്പത്തിനെയും ദൈവമാക്കുന്നതിനുപകരം, അവയെ ദൈവത്തിലേക്കുള്ള യാത്രയിലെ ഉപകരണങ്ങൾ മാത്രമായി കാണാൻ നമുക്ക് സാധിക്കണം. യുവാൽ നോവഹരാരിയും സെന്റ് അഗസ്റ്റിനും ഒരേപോലെ അടിവരയിടുന്നത് മനുഷ്യ ഹൃദയത്തിന്റെ ഈ ആന്തരിക ദാഹത്തെയാണ്. സെന്റ്അഗസ്റ്റിൻ പാടിയതുപോലെ, "ദൈവമേ, ഞങ്ങളുടെ ഹൃദയം നിന്നിൽ വിശ്രമിക്കുന്നതുവരെ അത് അസ്വസ്ഥമായിക്കൊണ്ടിരിക്കും."

അതുകൊണ്ട്, മാറ്റങ്ങളുടെ ഈ കൊടുങ്കാറ്റിലും ക്രിസ്തീയ മൂല്യങ്ങളുടെ പാറമേൽ നമുക്ക് ജീവിതം പടുത്തുയർത്താം. ഉപഭോക്തൃ സംസ്കാരത്തിന്റെ പൊള്ളത്തരങ്ങളെ തിരിച്ചറിഞ്ഞ്, സഹജീവികളിലേക്ക് സ്നേഹവും കരുണയും പകർന്നു നൽകുന്ന യഥാർത്ഥ ആത്മീയതയിലേക്ക് നമുക്ക് മടങ്ങാം. ഭൗതികതയുടെ ഇരുൾപടരുന്ന ഈ കാലഘട്ടത്തിൽ ആത്മീയതയുടെ വെളിച്ചമായി മാറാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ. നമ്മുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ സ്നേഹം നിറയുന്നതോടെമാത്രമേ ആധുനിക മനുഷ്യന്റെ ആന്തരിക പ്രതിസന്ധികൾക്ക് ശാശ്വതമായ പരിഹാരമാവുകയുള്ളൂ....

●

പ്രസാദവർഷം

പ്രാർത്ഥനാസംഗമം

എല്ലാമാസത്തിലെയും രണ്ടാംവെള്ളിയാഴ്ച
വൈകുന്നേരം 6 മണിമുതൽ 8 മണിവരെ

സന്ധ്യാനമസ്ക്കാരം ഗാനശുശ്രൂഷ
വചനശുശ്രൂഷ മധ്യസ്ഥ പ്രാർത്ഥന (ലുത്തീനിയ) നേർച്ച

പ്രിയപ്പെട്ട മുകളിൽ അച്ചന്,

അനിവാര്യമാണ്... ഓരോ യാത്രയും..!

തിരുബലിപീഠത്തിൻ കാവലാളായ് അന്നുനീ,
തിരുമൊഴിതൻ പൊരുളായി വാണുനീ..
ഇടയന്റെ കരുതലും സ്നേഹവും പകർന്നുനീ,
ഇടവകതൻ ഇടനെഞ്ചിൽ ഗീതമായി മാറിനീ.
നീറിയമനസ്സുകൾക്ക് സാന്ത്വനമായി,
ഇടറിയ പാദങ്ങൾക്ക് താങ്ങായി,
ക്രിസ്തുവിൻ പ്രതിരൂപമായ് നീ നടന്നവീഥികളിൽ
നന്മതൻ നറുമണം ഇന്നും ബാക്കിനിൽക്കുന്നു..

വിശുദ്ധ ബലിപീഠത്തിൽ നിൻതിരു ശരീരരക്തങ്ങൾ ഞങ്ങൾക്ക് പകർന്നു നൽകിയ കൈകൾ, മറ്റൊരു നിയോഗത്തിനായി യാത്രയാവുകയാണ്. ഒരു ഇടവകയുടെ ആത്മീയ സ്പന്ദനമായി, പ്രാർത്ഥനയോടെ ദൈവഹിതത്തിന്റെ പുതിയവഴികളിലൂടെ അച്ചൻ നടക്കുമ്പോൾ, അവിടെയും ഒരുവലിയ ജനതയ്ക്ക് തണലാകാൻ അങ്ങേക്ക് സാധിക്കട്ടെ. അബ്രാഹാമിനെ വഴിനടത്തിയ യഹോവ അങ്ങയുടെ പാതകളിൽ വെളിച്ചമാകട്ടെ..!

'വഴികാട്ടിയായി കൂടെ നടന്നതിനും,
സ്നേഹമായി കൂടെ ഇരുന്നതിനും നന്ദി...

- ശ്മൂനി പ്രവാസിഫോറം

“Because in CHRIST, Victory is not a possibility- IT IS A PROMISE.”

Juby
(Bhopal)

Greetings in the name of our Lord and Saviour Jesus Christ,

As we all remember the bold and unshakable faith of Saint George, not as someone we belong to, but as a powerful witness of what it truly means to belong to God. A soldier by duty, yet a servant of God by heart, he chose faith over fear, truth over compromise, and obedience to God over the approval of the world.

In a time of persecution, when he was commanded to deny Jesus Christ, Saint George stood firm. He did not bow, he did not retreat, he endured suffering with courage because his faith was rooted in something eternal. His life declares that real faith is proven not in comfort, but in trials.

The story of the dragon is more than a legend, it is a reflection of every battle we face. The dragon represents fear, evil, oppression, and the forces that rise against God’s people. Where others saw danger, George saw an opportunity for God’s power to be revealed. He stepped forward in faith, and by trusting God, he overcame what seemed impossible.

Today, our dragons may not breathe fire, but they are just as real, fear, pressure, doubt, temptation, injustice, and moments where our faith is tested. Like Saint George, we are called to stand firm, not in our own strength, but in the strength that comes from God.

The Word of God reminds us: “Be strong and courageous… for the Lord your God is with you wherever you go.” (Joshua 1:9)

“Submit yourselves to God. Resist the devil, and he will flee from you.” (James 4:7)

“Put on the full armor of God, so that you can take your stand against the devil’s schemes.” (Ephesians 6:11)

We are not followers of man, we are God’s people. Called, chosen, and set apart. Our identity is in Christ, and our strength comes from Him alone.

Let this be our calling: Stand firm when the world shakes.

Hold on when faith is tested. Speak truth when it is difficult.

Trust God even when the path is unclear.

Let the life of Saint George remind us- faith is not passive, it is bold. It is courageous. It stands its ground.

And when we stand in Christ, we stand in victory, because through Him, we do not fight for victory, we fight from victory.

Amen,

May God Bless you all,

സ്വർഗ്ഗീയ മാലാഖമാർ

Teenu Jacob Korah

'മേലുള്ള ഉയരങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു'.

നിത്യേന നമ്മുടെ പ്രഭാത നമസ്കാരത്തിൽ നാം ചൊല്ലുന്ന ഈ പ്രാർത്ഥന മാലാഖമാരുടെ സാന്നിധ്യവും അവരുടെ പ്രാധാന്യവും വിളിച്ചോതുന്നു.

മലയാളത്തിൽ 'മാലാഖ' എന്ന വാക്ക് സുറിയാനി ഭാഷയിലെ 'മാലാഖാ' എന്ന പദത്തിൽ നിന്നാണ് ഉണ്ടായത്, ഇതിന്റെ അർത്ഥം 'ദൂതൻ' അല്ലെങ്കിൽ 'ദൈവത്തിന്റെ സന്ദേശവാഹകൻ' എന്നാണ്. C.500 A.D ൽ അരയോപഗയിലെ ഡയനീഷ്യസ് 'ബുക്ക് ഓഫ് ജൂബിലിയിൽ' നിന്ന് പ്രചോദനം ഉൾക്കൊണ്ട് ദൂതന്മാരെ മൂന്നുവർഗ്ഗങ്ങളായി തിരിച്ചിരിക്കുന്നതായി കാണാം.

മാലാഖ വൃന്ദങ്ങൾ

ഒന്നാം വർഗ്ഗത്തിൽ മൗത്ത്ബേന്മാരും, കെറുമ്പുകൾ, സാറാഫുകൾ എന്നീ ഗണങ്ങളും, രണ്ടാം വർഗ്ഗത്തിൽ ശുൽത്തോൻമാരും, മോറമോസേന്മാരും, ഹൈലേന്മാരും എന്നീ ഗണങ്ങളും, മൂന്നാം വർഗത്തിൽ റീശനുവോസേന്മാരും, പ്രധാന ദൂതന്മാർ, ദൂതന്മാർ എന്നീ ഗണങ്ങളും ഉണ്ട്. ഈ ഒമ്പത് വൃന്ദം ദൂതന്മാരും പ്രപഞ്ച സൃഷ്ടിയിൽ ഉൾപ്പെട്ടു സൃഷ്ടിക്കപ്പെട്ടു എന്ന് പൊതുവേ വിശ്വസിക്കപ്പെടുന്നു.

മാലാഖമാരുടെ ദൗത്യങ്ങൾ

കെറൂബുകൾ, പറുദീസായുടെ കാവൽക്കാരും (ഉല്പ: 3: 24) കൃപാസനത്തിന് നിരീക്ഷകരും (പുറ: 25: 18) ഭൂമിയിലേക്ക് ഇറങ്ങുന്ന ദൈവ സിംഹാസനത്തിന്റെ അടിസ്ഥാനങ്ങളും (1 ശമു: 22 :11) പ്രത്യേക ചൈതന്യത്തോടെ കൂടിയവരും ആണ്.

ദൈവത്തിൻറെ ശക്തി മഹത്വം, വിശുദ്ധി ഇവ വെളിപ്പെടുത്തുന്ന പ്രതീകങ്ങളായി ഇവർ ചിത്രീകരിക്കപ്പെടുന്നു.

സാറഫുകളെ കുറിച്ച് യെശയ്യവിന്റെ 6.6 ൽ മാത്രം കാണുന്നു. ഇവർ കാലുകളും മുഖങ്ങളും മൂടുവാൻ ഇരുചിറകുകൾ വീതവും ദൈവീക കൽപ്പനകളുടെ വേഗത്തിലുള്ള നടപ്പാക്കലിന് ആവശ്യമായ ഇരു ചിറകുകളോടുകൂടി ആറ് ചിറകുകൾ വീതം ഉള്ളവരാണ്. ദൈവസിംഹാസനത്തിന് ചുറ്റിനിന്നുകൊണ്ട് ഇവർ സ്തുതി അർപ്പിക്കുന്നു. പുതിയ നിയമത്തിൽ യൂദാ 9 ൽ മിഖായേൽ പ്രധാന മാലാഖയായി പരാമർശിക്കപ്പെട്ടിരിക്കുന്നു. 1 തെസ്ലോ 4:16ൽ മാലാഖയുടെ ശബ്ദത്തെക്കുറിച്ചും പറയുന്നു. സഭ പാരമ്പര്യത്തിൽ മിഖായേൽ ഗബ്രിയേൽ, റഫായേൽ എന്നിവരെ പ്രധാന മാലാഖമാരായി ഗണിക്കുന്നു.

ദൂതന്മാർ എല്ലാവരും ഇടവിടാതെ ദൈവത്തെ സ്തുതിക്കുകയും (യെശ: 6) മനുഷ്യ രക്ഷയ്ക്ക് ഒരുക്കുകയും (എബ്രാ1:14), പാപിയുടെ മാനസാന്തരത്തിൽ ഇഷ്ടപ്പെടുകയും ചെയ്യുന്നു (ലൂക്കോ: 15:10). ഈ അർത്ഥത്തിൽ കാവൽ മാലാഖമാർ എന്ന ആശയവും എന്നാൽ വാഴ്ചകളും അധികാരങ്ങളും എന്ന് വിശുദ്ധ പൗലോസ്ലീഹ (എഫേ: 1 : 21, 6 : 12 കൊലോ 1 : 16) പറയുന്നത് നല്ല ദൂതന്മാരും ദുഷ്ടദൂതന്മാരും ഉൾപ്പെടുന്നു എന്നും മനസ്സിലാക്കാം.

മാലാഖമാരുടെ സാന്നിധ്യം ഇന്നും

മാലാഖമാർ ഇന്നും നമുക്കിടയിൽ ഉണ്ടോ? തീർച്ച യായും!! പുതിയ നിയമത്തിലും പഴയ നിയമത്തിലും നാം കാണുന്ന മരണമില്ലാത്ത ആത്മീയ ജീവികളായ മാലാഖമാർ ഇന്നും നമുക്കിടയിൽ സജീവമായി ഉണ്ട്.

നാം അറിയാതെ തന്നെ മാലാഖമാരുമായി ഇടപഴകാൻ സാധ്യതയുണ്ടെന്ന് ബൈബിൾ സൂചിപ്പിക്കുന്നു. 'അതിഥി സൽക്കാരം മറക്കരുത്; അതിനാൽ ചിലർ അറിയാതെ മാലാഖമാരെ സൽക്കരിച്ചിട്ടുള്ളോ' (എബ്രായർ 13:2).

ഈ വചനം നമുക്ക് നൽകുന്ന സന്ദേശം സ്വർഗ്ഗത്തിന്റെ സഹായം പലപ്പോഴും വളരെ സാധാരണമായ രൂപത്തിലായിരിക്കും നമ്മുടെ ജീവിതത്തിലേക്ക് കടന്നു വരുന്നത്. അത് ഒരു അപരിചിതന്റെ സഹായമായോ, ശരിയായ സമയത്ത് ലഭിക്കുന്ന ഒരു നല്ല വാക്കോ, അല്ലെങ്കിൽ അപകടങ്ങളിൽ നിന്നുള്ള അവിശ്വസനീയമായ രക്ഷപ്പെടലോ ആകാം. ദൈവത്തിൽ നിന്നുള്ള പ്രത്യേക ദൗത്യങ്ങളിലാണ് അവർ എപ്പോഴും. തീവ്രമായ ദു:ഖത്തിലോ ഭയത്തിലോ ആയിരിക്കുമ്പോൾ, ആരോ അരികിലുണ്ടെന്ന തോന്നലോ അസാധാരണമായ സമാധാനമോ ലഭിക്കുന്നതായി പലരും പറയാറുണ്ട്. ജീവിതത്തിലെ നിർണ്ണായകമായ തീരുമാനങ്ങൾ എടുക്കേണ്ടി വരുമ്പോൾ സ്വപ്നത്തിലൂടെയോ ദർശനത്തിലൂടെയോ വ്യക്തമായ വഴികാട്ടലുകൾ ലഭിച്ചവരും നമുക്കിടയിൽ ഉണ്ട്.

വിശുദ്ധ വേദപുസ്തകത്തിൽ അബ്രഹാമിനും ലോത്തിനും പത്രോസിനും മറിയത്തിനും ദൈവം തന്റെ ദൂതന്മാരെ അയച്ചുകൊടുത്തതുപോലെ, ഇന്നും അവിടുന്ന് തന്റെ മക്കളെ കരുതുന്നു എന്നത് വലിയൊരു പ്രത്യാശയാണ്.

യേശുക്രിസ്തു സകല അധികാരങ്ങളോടും കൂടെ സ്വർഗ്ഗത്തിൽ വാഴുന്നതിനാൽ, അവിടുത്തെ സ്വർഗ്ഗീയ സൈന്യം നിങ്ങൾക്കായി കാവൽ നിൽക്കുന്നു. നിങ്ങളുടെ ജീവിതത്തിലെ തടസ്സങ്ങൾ നീങ്ങാനും, ഇരുളടഞ്ഞ പാതകളിൽ വെളിച്ചം കാണാനും, സ്വർഗ്ഗീയ ദൂതന്മാരുടെ വഴികാട്ടൽ നിങ്ങൾക്ക് എപ്പോഴും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

●

വിശ്വസിച്ചാലും ഇല്ലെങ്കിലും

ഷിനു മത്തായി
പെരിങ്ങനാട്

ഇത് ഒരു കഥയല്ല... ഇന്നും ഞാൻ തേടികൊണ്ടിരിക്കുന്ന, ഉത്തരം കിട്ടാത്ത ഒരുചോദ്യമാണ്.
ഈ ചോദ്യവുമായി പലരോടും ഞാൻ സംസാരിച്ചു. പലർക്കും വ്യക്തമായ ഒരുമറുപടി ഇല്ല. എങ്കിലും,
"പണ്ടുമുതലേകേട്ടുവരുന്ന, ഇന്നും ചിലപ്പോൾ കാണുന്ന ഒരുപ്രതിഭാസം" എന്നാണ് അവർപറയുന്നത്.
"ഒരാൾ മരിച്ചാൽ അതിന്പിന്നാലെ 2–3 പേർ കൂടിമരിക്കും" — പള്ളികളിലും മറ്റു സമൂഹങ്ങളിലും
ഈ വിശ്വാസം പലപ്പോഴും കേൾക്കാം.
പക്ഷേ, ഇതിന് പിന്നിൽ ഒരു അത്ഭുതശക്തിയോ നിർദ്ദിഷ്ടമായ നിയമമോ ഇല്ലെന്ന് തോന്നുന്നു. മനുഷ്യരുടെ മനസ്സിന്റെ സ്വഭാവമാണ് പലപ്പോഴും ഇതിന് കാരണമാകുന്നത്.
ഒരു മരണം സംഭവിക്കുമ്പോൾ, നമ്മൾ അതിനെ കൂടുതൽ ശ്രദ്ധിക്കുന്നു. അതിന് പിന്നാലെ മറ്റൊരു മരണം സംഭവിച്ചാൽ, അവയെ തമ്മിൽ ബന്ധിപ്പിക്കാൻ നമ്മൾ ശ്രമിക്കും. എന്നാൽ ഒന്നും സംഭവിക്കാത്ത ഇടവേളകൾ നമ്മൾ അവഗണിക്കുന്നു.
കൂടാതെ, ഒരേസമൂഹത്തിൽ വയോധികർ കൂടുതലാണെങ്കിൽ, ആരോഗ്യപ്രശ്നങ്ങൾ കാരണം അടുത്തടുത്തായി മരണങ്ങൾ സംഭവിക്കുന്നത് സ്വാഭാവികമാണ്. പക്ഷേ, നമ്മൾ അതിനെ ഒരു "pattern" ആയി കാണാൻ തുടങ്ങും.
ഇത് യഥാർത്ഥത്തിൽ "coincidence" ആകാം... അല്ലെങ്കിൽ നമ്മുടെ മനസ്സിന്റെ "pattern" തേടുന്ന സ്വഭാവം".
അതുകൊണ്ട്, "മൂന്ന് ആയി കണക്കാക്കും" എന്നത് ശാസ്ത്രീയമായി തെളിയിച്ചകാര്യമല്ല —
മറിച്ച് ഒരുവിശ്വാസം മാത്രം.

എങ്കിലും...

ഈ ചോദ്യത്തിന്റെ പൂർണ്ണമായ ഉത്തരം ഇന്നും എനിക്ക് കിട്ടിയിട്ടില്ല.

Fr. Sam Baby
(Madras Diocese)

വിശ്വാസത്തിന്റെ പാറയും പ്രേഷിത ദൗത്യത്തിന്റെ വിളക്കും:

വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാർ

ആമുഖം

ഓർത്തഡോക്സ് സഭയുടെ ആരാധനാ കലണ്ടറിലെ ഏറ്റവും സവിശേഷമായ ദിനങ്ങളിൽ ഒന്നാണ് ജൂൺ 29. സഭയുടെ പതാക വാഹകരും വിശ്വാസത്തിന്റെ പാറയും ഉറപ്പുള്ള തൂണുകളുമായ വിശുദ്ധ പത്രോസ് ശ്ലീഹായുടെയും വിശുദ്ധ പൗലോസ് ശ്ലീഹായുടെയും സംയുക്തമായ ഓർമ്മപ്പെരുന്നാളാണ് ഈ ദിവസം ആചരിക്കുന്നത്. ശ്ലീഹാനോമ്പിന്റെ സമാപ്തി കുറിക്കുന്ന ഈ പെരുന്നാൾ, സഭയുടെ അപ്പസ്തോലിക പാരമ്പര്യത്തെയും സുവിശേഷ ദൗത്യത്തെയും സാക്ഷ്യപ്പെടുത്തുന്നു.

ചരിത്രപരമായ ഐക്യം

വ്യത്യസ്തമായ സ്വഭാവവിശേഷങ്ങൾ ഉള്ളവരും, വ്യത്യസ്തമായ പശ്ചാത്തലങ്ങളിൽ നിന്നും വന്നവരുമായിരുന്നു പത്രോസും പൗലോസും. പത്രോസ് ശ്ലീഹാ യേശുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ പ്രമുഖനും ഗലീലയിലെ മീൻപിടുത്തക്കാരനുമായിരുന്നു. എന്നാൽ പൗലോസ് ശ്ലീഹാ ആധുനിക വിദ്യാഭ്യാസം സിദ്ധിച്ചവനും, ആദ്യം സഭയെ പീഡിപ്പിക്കുകയും പിന്നീട് ക്രിസ്തുദർശനത്തിലൂടെ പരിവർത്തനം ചെയ്യപ്പെടുകയും ചെയ്തവ്യക്തിയുമാണ്.

എങ്കിലും, സഭയുടെ വളർച്ചയ്ക്കായി ഇവർ രണ്ടുപേരും ഒരേപോലെ രക്തസാക്ഷിത്വം വരിക്കുകയും ഒരേലക്ഷ്യത്തിനായി അധ്വാനിക്കുകയും ചെയ്തു. റോമിൽവെച്ച് ഇരുവരും കൊല്ലപ്പെട്ടത് ഒരേദിവസമാണെന്ന പാരമ്പര്യത്തെ അടിസ്ഥാനമാക്കിയാണ് ഇവരുടെ ഓർമ്മ ഒരേ ദിവസം സഭ ആഘോഷിക്കുന്നത്.

ഓർത്തഡോക്സ് ദൈവശാസ്ത്ര വീക്ഷണം

1. വിശ്വാസത്തിന്റെസാക്ഷ്യം: പത്രോസ് ശ്ലീഹാ ക്രിസ്തുവിനെ 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു' എന്ന് ഏറ്റുപറഞ്ഞതിലൂടെ സഭയുടെ വിശ്വാസത്തിന്റെ അടിസ്ഥാന ശിലയായിമാറി. പൗലോസ് ശ്ലീഹാ ക്രൈസ്തവരുടെ ഇടയിൽ സുവിശേഷം എത്തിച്ചുകൊണ്ട് സഭയെ ആഗോളതലത്തിലേക്ക് വളർത്തി. ഇവരുടെ ജീവിതം പഠിപ്പിക്കുന്നത് വിശ്വാസവും ക്രിയയും (Faith and Action) എങ്ങനെ ഒന്നുചേർന്നു പോകണം എന്നാണ്.

2. സഭയുടെ അപ്പോസ്തോലിക അടിത്തറ

മലങ്കര ഓർത്തഡോക്സ് സഭ 'ഏകവും വിശുദ്ധവും സാർവ്വത്രികവും അപ്പസ്തോലികവുമായ സഭ' എന്ന വിശ്വാസ പ്രമാണത്തിൽ ഉറച്ചുനിൽക്കുന്നതാണ്. ശ്ലീഹന്മാരുടെ പ്രബോധനങ്ങളിൽ നിന്ന് വ്യതിചലിക്കാത്ത വിശ്വാസമാണ് സഭയുടേത്. പത്രോസിന്റെ അധികാരത്തെയും പൗലോസിന്റെ ജ്ഞാനത്തെയും ഒരുപോലെ ആദരിക്കുന്നതിലൂടെ സഭ അതിന്റെ പൂർണ്ണതയിലെത്തുന്നു.

ആരാധനാക്രമപരമായ പ്രാധാന്യം

ഓർത്തഡോക്സ് സഭയുടെ യാമപ്രാർത്ഥനകളിലും കുർബാനയിലും ശ്ലീഹന്മാരുടെ മധ്യസ്ഥതയ്ക്ക് വലിയ സ്ഥാനമുണ്ട്. ശ്ലീഹാനോമ്പ് അനുഷ്ഠിച്ചുകൊണ്ട് ഈ പെരുന്നാളിനായി വിശ്വാസികൾ ഒരുങ്ങുന്നു. ഇത് വെറുമൊരു ആഘോഷമല്ല, മറിച്ച് അപ്പോസ്തോലിക പ്രബോധനങ്ങൾ ജീവിതത്തിൽ പകർത്താനുള്ള പ്രതിജ്ഞാപുതുക്കലാണ്.

ശ്ലീഹന്മാർ സുവിശേഷ പ്രഘോഷണത്തിന് മുൻപ് നോമ്പും പ്രാർത്ഥനയും വഴി ശക്തിപ്രാപിച്ചതുപോലെ, നമ്മളും ആത്മീയ ശക്തിക്കായി നോമ്പ് നോൽക്കുകയും പെരുന്നാൾ ദിവസം പ്രത്യേക വി. കുർബാനയും ശ്ലീഹന്മാരുടെ മധ്യസ്ഥതയിലുള്ള പ്രാർത്ഥനകളും നടത്തുകയും ചെയ്യുന്നു.

സമകാലിക പ്രസക്തി

ഇന്ന് ലോകം നേരിടുന്ന വെല്ലുവിളികൾക്കിടയിൽ പത്രോസ് ശ്ലീഹായുടെ ധീരതയും പൗലോസ് ശ്ലീഹായുടെ ബുദ്ധിപരമായ ദർശനങ്ങളും വിശ്വാസികൾക്ക് വഴികാട്ടിയാണ്. സഭയിലെ ഭിന്നതകൾ നീക്കി ഐക്യത്തോടെ പ്രവർത്തിക്കാൻ ഈ സംയുക്ത പെരുന്നാൾ നമ്മെഓർമ്മിപ്പിക്കുന്നു. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, 'വിശ്വാസം കാത്തു, നല്ലപോരാട്ടം പോരാടി' (2Timothy:4:7)തന്റെ ഓട്ടംപൂർത്തിയാക്കാൻ ഓരോ വിശ്വാസിക്കും ഈ ഓർമ്മപ്പെരുന്നാൾ പ്രചോദനം നൽകുന്നു.

ഉപസംഹാരം

വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാർ സഭയുടെ രണ്ട് ശ്വാസകോശങ്ങൾ പോലെയാണ്. ഒന്നില്ലെങ്കിൽ മറ്റൊന്ന് അപൂർണ്ണമാണ്. അവരുടെ രക്തസാക്ഷിത്വവും പ്രബോധനങ്ങളും ഓർത്തഡോക്സ് സഭയുടെ പവിത്രമായ പാരമ്പര്യമായി ഇന്നും നിലനിൽക്കുന്നു. ആ ശ്ലീഹന്മാരുടെ മധ്യസ്ഥതയിലൂടെ ലഭിക്കുന്ന ആത്മീയ സംരക്ഷണം സഭയെ എന്നും നേർവഴിക്ക് നയിക്കട്ടെ.

●

വിട പറയാനാവാതെ...!

മരണത്തിന് എല്ലാറ്റിനെയും കവർന്നുപോകാൻ കഴിഞ്ഞേക്കും, പക്ഷേ ഒരുമിച്ച് നടന്ന വഴികളെയും ഹൃദയത്തിൽ കോറിയിട്ട ഓർമ്മകളെയും തൊടാൻ അതിനാവില്ല. പ്രിയപ്പെട്ട വിവിൻ, നീയിത്ര പെട്ടെന്ന് ഞങ്ങളെ വിട്ടുപിരിഞ്ഞു എന്ന് വിശ്വസിക്കാൻ ഇനിയും ഞങ്ങളുടെ മനസ്സ് പ്രാപ്തമായിട്ടില്ല.

ജീവിത യാത്രയിൽ നമ്മൾ എല്ലാവരെയും പോലെ നീയും പ്രവാസത്തിലേക്ക് പറിച്ചുമാറ്റപ്പെട്ടപ്പോഴും സഹജീവികളോടുള്ള നിന്റെ കരുണയും കരുതലുമാണ് അടൂരിന്റെ മണ്ണിൽ നിന്ന് പ്രവാസത്തിലേക്ക് കടന്ന് വന്ന ഓരോരുത്തർക്കും നീ നൽകിയിട്ടുള്ളത്. നമ്മുടെ ഇടവകയിലെ പ്രവാസി കൂട്ടായ്മ ആയ ശ്മൂനി പ്രവാസി ഫോറത്തിന്റെ രൂപീകരണത്തിലും അതിന്റെ വിവിധ പ്രവർത്തന മേഖലകളിലും നിന്റെ സാന്നിധ്യം നൽകിയ ഊർജ്ജം ചെറുതല്ല. അതിലേക്ക് കടന്നുവന്ന ഓരോ പ്രവാസിയോടും നീ കാണിച്ച കരുതലും കനിവും മറക്കാനാവുന്നതുമല്ല.

'മരണം ഒരു മനുഷ്യനെ ഇല്ലാതാക്കുന്നുണ്ടാകാം, എന്നാൽ അവർ ചെയ്ത നല്ല കാര്യങ്ങളെയും അവർ പടർത്തിയ സ്നേഹത്തെയും ഇല്ലാതാക്കാൻ മരണത്തിന് പോലുമാകില്ല.' എന്ന് പ്രവാസി ഫോറത്തിന്റെ ഓരോ ചുവടുവെപ്പിലും, നീ കാട്ടിതന്നു.

നിന്റെ ആത്മാർത്ഥതയോടെയുള്ള പ്രവർത്തനവും പെരുമാറ്റവും നിന്റെ നല്ല ഓർമ്മയായി ഇനിയും ഞങ്ങളുടെ കൂടെയുണ്ടാകും.

നീയില്ലാത്ത ഈ സംഘടനാരംഗവും വലിയൊരു ശൂന്യതയാണ് ഞങ്ങൾക്ക്..പക്ഷേ നീ വിട പറഞ്ഞുപോയെങ്കിലും, നീ ഈ ദേവാലയത്തിലും നമ്മുടെ പ്രവാസി ഫോറത്തിലും വിതറിയ സ്നേഹത്തിന്റെ നന്മകൾ ഇവിടുത്തെ ഓരോ വ്യക്തിയിലുമുണ്ട്. ഓരോ പ്രവാസി ഫോറം യോഗങ്ങളിലും, ഓരോ ചുവടുവെപ്പുകളിലും നിന്റെ ഓർമ്മകൾ ഒരു നിഴലായി, വഴികാട്ടിയായി ഞങ്ങളോടൊപ്പമുകും. നിന്റെ ചിരിക്കുന്ന മുഖം എന്നും ഞങ്ങളുടെ ഓർമ്മകളിൽ ജീവിക്കും. നീ പൂർത്തിയാക്കാൻ ബാക്കിവെച്ച നിന്റെ സ്വപ്നങ്ങളും ഉത്തരവാദിത്തങ്ങളും നെഞ്ചേറ്റുക എന്നതാണ് ഇനി നിനക്കായി ഞങ്ങൾക്ക് ചെയ്യാനുള്ളത്.. അതാണ് ഇനി ഞങ്ങൾ നിനക്ക് നൽകാൻ കഴിയുന്ന ഏറ്റവും വലിയ ആദരാഞ്ജലി..!!

വിവിൻ ജി. വർഗ്ഗീസ് (42)
മുരുന്തിയിൽ വിവിൻ വില്ല

പ്രിയ കൂട്ടുകാരാ....
സമാധാനത്തോടെ പോവുക..!!

പ്രാർത്ഥനാപൂർവ്വം
ശ്മൂനി പ്രവാസി ഫോറം കുടുംബം

വിസ്മയ സഹിതം...

അജോയ് ജേക്കബ് ജോർജ്
കുവൈറ്റ്

ഉയിർപ്പു മുതൽ പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങളിലെ വി.കുർബ്ബാനയിലെ ഖണ്ഡിപ്പിന്റെ ശുശ്രൂഷാ സമയത്ത് "വിസ്മയസഹിതം കബറു പൊളിഞ്ഞു..." എന്നുതുടങ്ങുന്ന, ഏവർക്കും പരിചിതമായ ഗീതമാണ് കസോലിക്കി ആയി ഉപയോഗിക്കപ്പെടുന്നത്. "അൻപുടയോനേ, സ്രാപ്പികളെ കണ്ടേശായ" എന്നീ ഗീതങ്ങൾക്കു പകരമായാണ് പ്രധാനമായും ഈ ഗീതം ആലപിക്കുന്നത്. നമ്മുടെ കർത്താവിന്റെ കബറിടം തുറക്കപ്പെടുന്നതിനെയും, കർത്താവ് പുനരുദ്ധാനം ചെയ്യപ്പെടുന്നതിനെയും, പ. മാർത്തോമ്മാശ്ലീഹാ കർത്താവിന്റെ വിലാപ്പുറത്ത് കൈവിരലുകൾകൊണ്ട് സ്പർശിക്കുന്നതിനെ തുടർന്ന് വിശ്വാസപ്രഖ്യാപനവും നടത്തുന്നതിനെക്കുറിച്ച് അർത്ഥസമ്പുഷ്ടമായ വരികളിൽ മധുരോദാരമായ ഈണത്തിൽ വിശ്വാസികളായ നമുക്കായി എഴുതപ്പെട്ടിരിക്കുന്നഗാനമാണ് അത്. ഈഗാനം 80കളുടെ അന്ത്യത്തിൽ ഞങ്ങളുടെയൊക്കെ ചെറുപ്പകാലത്ത് കേട്ടു തുടങ്ങിയതാണെങ്കിലും വിശുദ്ധ കുർബ്ബാനയിൽ ആലപിക്കും വിധം ഉൾപ്പെടുത്തപ്പെട്ടു കാണുന്നത് 90കളിലാണ് എന്നാണ് നിരീക്ഷണം. 91ൽ യുവജനപ്രസ്ഥാനം കലാമേളയിൽ പങ്കെടുക്കുന്നതിന്റെ ഭാഗമായി അടുത്ത സുഹൃത്തും ഗായകനും സംഗീതാദ്ധ്യാപകനുമായ ഏബെൽ ആണ് ഈ മനോഹരഗാനം ശ്രദ്ധയിൽപെടുത്തിയതും കലാമേളയ്ക്കായി തന്റെ ടീമിനായി പരിശീലനം നടത്തുവാൻ മുൻകയ്യെടുത്തതും. കൂടാതെ അവർക്ക് അത് ഹൃദിസ്ഥമാക്കുവാൻ കാരണമായത് പഴയ സെമിനാരിയിൽ നിന്ന് ആ ഗീതം പഠിച്ചശേഷം അത് മറ്റ് പലരെയും പരിശീലിപ്പിച്ച ഒരു വൈദിക സ്ഥാനിയും.

ഇന്ന് ഉയിർപ്പ് ദിനത്തെതുടർന്ന് മലങ്കരസഭയുടെ മിക്ക ദേവാലയങ്ങളിലും ഈ ഗാനം പാടിക്കേൾക്കാറുണ്ട് എന്നതുകൊണ്ട് ആഗാനത്തിന്റെ അർത്ഥഭംഗിയോടെയുള്ള വരികൾ വിശ്വാസി മനങ്ങളെ ഭാഗികമായെങ്കിലും കീഴടക്കിയിരിക്കുന്നു എന്നും ആ ഗീതത്തെ ആഴത്തിൽ ശ്രദ്ധിക്കുന്നവരായ ആരും അതിന്റെ ഉള്ളടക്കവും ആരെയും കീഴടക്കുന്ന ഇമ്പമുള്ള ഈണവും കൊണ്ട് ആകർഷിക്കപ്പെടുകയോ സ്വാധീനിക്കപ്പെടുകയോ ചെയ്തിരിക്കാം എന്നതിലും സംശയമില്ല. വിശ്വാസി മനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് ഒരിക്കലും മായാത്ത സ്ഥാനം കണ്ടെത്തിയതിന് വിവിധങ്ങളും വ്യത്യസ്തങ്ങളുമായ കാരണങ്ങൾ കണ്ടെത്തുവാൻ കഴിയും. രചയിതാവിനെ കുറിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ നിലവിലുണ്ട്. യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവ റമ്പാനായി മഞ്ഞിനിക്കരയിൽ ഉണ്ടായിരുന്ന കാലഘട്ടത്തിൽ അവിടെ പഠിച്ചിരുന്നതായ കോരുത് മല്പാനച്ചൻ സുറിയാനിയിൽ രചിച്ചതാണെന്നാണ് ഒരുഭാഷ്യം. മറ്റൊരു അഭിപ്രായം, ഈ ഗാനം സുറിയാനിയിൽ നിന്നു മലയാളത്തിലേക്ക് ഭാഷാന്തരീകരണം നടത്തിയത് റവ. ഡീക്കൻ ജേക്കബ് മാത്യു തകിടിയേൽ ആണെന്നാണ്. .

ഈ 2 ഭാഷ്യങ്ങൾക്കും ആഴത്തിലുള്ള തെളിവുകൾ ഇല്ലായെങ്കിലും മലങ്കരസഭാ ആരാധനയുടെ ഒഴിച്ചു കൂടാനാകാത്ത ഭാഗമായി ആ ഗീതം മാറിയിട്ടുന്നെ കാര്യത്തിൽ സംശയമില്ല. അങ്കമാലി, കണ്ടനാട് പ്രദേശത്തെ ചിലദേവാലയങ്ങളിൽ ഇത് 1970കളുടെ മദ്ധ്യത്തിലും ഉയിർപ്പ് പെരുന്നാൾ ശേഷം ആലപിച്ചിരുന്നതായും കേട്ടിട്ടുണ്ട്. ഏപ്രിൽ 12ന് ഓർമ്മപ്പെരുന്നാൾ കൊണ്ടാടപ്പെടുന്ന കോട്ടയത്തിന്റെ മാർ ഈവാനിയോസ് തിരുമേനിയുടെ ഇഷ്ടഗാനം ആയിരുന്നു എന്നതുകൊണ്ട് 2002 നു മുമ്പ്തന്നെ എന്നും ഈസ്റ്റർ മുതൽ പെന്തിക്കോസ്തിവരെ എല്ലാ ആഴ്ചയും ഈ ഗീതം സ്ഥിരമായി ഉപയോഗിക്കുവാൻ അദ്ദേഹം നിഷ്കർഷിച്ചിരുന്നതായി കേട്ടിട്ടുണ്ട്. ഭാഗ്യസ്മരണാർഹനായ സഖറിയാ മാർ തെയോഫിലോസ് തിരുമേനി വൈദികൻ ആയിരുന്ന കാലത്ത് പ്രസിദ്ധീകരിച്ച മംഗ്ലീഷ് കുർബ്ബാന ക്രമത്തിലും ഈ ഗീതം ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതിൽ നിന്നും ഏതാനും വർഷങ്ങൾക്ക് മുന്നേതന്നെ ഈഗാനം മലങ്കര സഭയുടെ ആരാധനയുടെ ഭാഗമാകുന്നതിന്റെ സൂചനകൾ നൽകിയിരുന്നു എന്നർത്ഥം. അടുത്ത കാലത്ത് പ്രസിദ്ധീകരിച്ച മലങ്കരഓർത്തഡോക്സ് സഭയുടെ വി.കുർബാന ക്രമത്തിൽ ഈഗാനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

1. വിസ്മയസഹിതം കബറുപൊളിഞ്ഞൂ –
നരകം വിലപിച്ചു
പ്രലപിതനാരികളവിടെ അണഞ്ഞാരാഞ്ഞു
കർത്തൻ തന്നുടെ ദേഹത്തെ നീക്കിയോ
യൂദർ കബറീന്നും?
വീരനാം തൻ ഉത്ഥാനം...അത്ഭുതമാം...
2. ദ്യുതിമയനാം മാലാഖക്ഷണം
അറിയിച്ചുനാരികളെ മശിഹാരാജൻ
ഉത്ഥിതനായ് ഇവിടില്ല...

പോകുവിൻ അറിയിച്ചിടുവിൻ
ഗലീലയ്ക്കായവൻ പോയെന്ന്
കാണുമവിടുത്ഥാനത്തിൻ അത്ഭുതങ്ങൾ....

3. വിമലതനിറയും നാരികളീ സദ്വാർത്ത
കേട്ടപ്പോൾ ശ്ലീഹന്മാരുടെ
സവിധമണഞ്ഞോതിയവർ
മശീഹ മരണത്തെകൊന്നു,
ബന്ധിതരേയും വിടുവിച്ചു
കർത്ത്യ ദർശനമതിനായി പോയീടുവിൻ...

4. ഗലീലതന്നിൽ മേളിച്ചു ശ്ലീഹന്മാർ പതിനൊന്നും
ഉത്ഥിത മണവാളനെ അവരും കണ്ടവിടെ
സൈത്തിൻ പർവ്വതമതിലേറി,
വാഴ്ത്തിതാനംബരമേറി
പാറക്കലീത്തായെ അവർക്കായ്താനേകി...

5. ഗുരുവരനുടെ തിരുമുറിവുകളിൽ
സ്പർശനഭാഗ്യത്താൽ
തോമ്മാശ്ലീഹാ വിശ്വാസം കൈക്കൊണ്ടു...
'എൻകർത്താവെൻദൈവവുമേ'
തലമൊടുതാതൻ ഘോഷിച്ചു
കർത്ത്യ വേലയ്ക്കാമോദാൽ പ്രേക്ഷിതനായ്...

Note: 4-ാമത്തെ വരികൾ കർത്താവിന്റെ സ്വർഗ്ഗാരോഹണം സംബന്ധിച്ച നേർക്കാഴ്ചയെ ആണ് പരാമർശിക്കുന്നത് എന്നതിനാൽ ഈഗീതത്തിലെ വിഷയവുമായി പ്രത്യക്ഷത്തിൽ യോജിക്കുന്നതല്ല എന്നും ചിലർ നിരീക്ഷിക്കുന്നു. ആ വരികളിലെ ആദ്യവരിയിലെ ഗലീല' എന്നതിന് പകരം "ഗാലലി" എന്നും ശ്ലീഹന്മാർ' എന്ന തിന് പകരം "ശിഷ്യന്മാർ" എന്നും പാടുന്നതും കേൾ ക്കാൻ ഇടയായിട്ടുമുണ്ട്.

ഈസ്റ്റർ ദിവസം ഉപയോഗിച്ചു കാണുന്ന ഈ ഗീതം മധുര ഇമ്പത്തിന്റെയും അർത്ഥ പൂർണ്ണമായ വരികളു ടെയും മനോജ്ഞ സങ്കലനം ആണ്. തുടക്കം മുതലുള്ള വരികളുടെ അർത്ഥസമ്പുഷ്ടി ആരാധനയിൽ ഉറ്റിരി ക്കുന്ന വിശ്വാസിയുടെ ആർദ്രമായ മനസ്സുകളെ കൂടുത ലായി അലിയിക്കും എന്നത് ഈ ഗാനത്തിന്റെ സ്വാധീ നത്തിന്റെ മർമ്മപ്രധാനമായ ഒരുകാരണമാണ്. ലോക ത്തിന് വെളിച്ചവും വിസ്മയവും പകർന്ന, മരണത്തെ ദൈവിക കൃപയാൽ മറികടന്ന, യേശുക്രിസ്തുവിന്റെ അത്ഭുത ഉദയം, ഉയിർപ്പിന് ശേഷമുള്ള, മരണത്തെയും മരണത്താൽ ബന്ധിതരായിരുന്നവരെയും സ്വതന്ത്രരാ ക്കിയ പിതാവിന്റെ പക്കലേക്ക് എത്തുംമുൻപുള്ളയാത്ര, നമ്മുടെ കാവൽ പിതാവായ തോമ്മാശ്ലീഹായുടെ ഹൃദയ സഹസ്രങ്ങളെ കീഴടക്കിയ വിശ്വാസപ്രഖ്യാപനത്തിൽ എത്തിനിൽക്കുന്നത് വിവരിക്കുന്നതും ഉപസംഹരിക്ക പ്പെടുന്നതും വിവരണങ്ങൾക്കതീതമായ മനോഹാരിത യോടെയാണ്. ഗീതങ്ങൾക്കും ഇമ്പങ്ങൾക്കും ഉപരി യായി വിശ്വാസികളുടെ ഹൃദയാന്തർഭാഗത്തേക്ക് യേശു ക്രിസ്തുവിന്റെയും ശിഷ്യസമൂഹത്തിന്റെയും സവിശേഷ ചിത്രംകൂടിയാണ് ഈ ഗീതം വരച്ചുകാട്ടുന്നത്. സമാന മായി ഉള്ളിൽനിന്ന് പുറപ്പെടുന്ന ദിവ്യ– ആത്മീയ– സൗരഭ്യം പ്രസരിപ്പിക്കുന്ന സൃഷ്ടികൾ വിശ്വാസികളായ നമ്മെയോരോരുത്തരെയും ആനന്ദിപ്പിക്കട്ടെ എന്ന പ്രാർത്ഥനയാകട്ടെ നമ്മുടെ ലക്ഷ്യം!

A WORLD WITHOUT TIME

Sayona Toji Thomas

Once upon a time, there was a country that decided to get rid of time. Clocks, watches, and anything that measured time were abandoned. You could even find them lying on the streets for free. The people disliked the idea of time so much that they refused to even say the word. Eventually, the minister officially banned time altogether.

But there was one girl who loved time deeply. She believed it was a gift from God a way to give life meaning, order, and purpose. She wondered,how could people live without something so important? Determined to make a difference, she led protests and marches, trying to remind people of the value of time. But no one listened. The police grew tired of her persistence and threw her in prison. Even there, she continued to protest day and night, praying and holding onto her faith.

At last, the minister came to see her. He wanted her to stop. “If you give this up,” he said, “we will give you anything you want.” He even offered her enough money to make her the richest person in the country. But she refused. She believed her purpose was greater than wealth.

When her parents heard about her decision, they were furious. They brought her a small amount of food and water, then left her, choosing to abandon her rather than support her cause. The girl was heartbroken but she did not lose her faith in God.

After she was eventually released, she wandered through dusty streets, searching for a quiet place to think and study. She found an old, broken shed and decided to live there. She prayed for guidance and soon had an idea: what if she could show people the importance of time instead of just telling them?

She decided to build a time machine.

It took months of effort. She failed again and again, but each time she stood back up, trusting that God had a plan for her. Finally, after long days and sleepless nights, she succeeded.

With the time machine, she showed people moments they had lost, opportunities they had wasted, and the beauty of time they once ignored. This time, people began to understand. They joined her protests and stood by her side. Even the police could no longer stop her.

There was only one person left who refused to agree the minister. But the country was a democracy, and the people had found their voice. They removed him from power and chose the girl as their new leader.

As minister, she brought time back to the country, reminding everyone that time was not something to fear or erase, but a blessing to cherish.

Still, one question remained in her heart: why had her parents abandoned her so easily? She searched for the truth and what she discovered shocked her. The people she thought were her parents were actually spies from Russia. They had kidnapped her as a child so they could blend in and avoid suspicion. Her real parents had been searching for her all along.

Soon, she was reunited with her true family a kind and loving couple who welcomed her home with open arms. At last, she understood that through every hardship, God had been guiding her path.

And from that day on, she lived not only as a wise leader, but as someone who truly valued time, faith, and the people she loved.

And they all lived happily ever after.

Moral : Never lose faith in god.

ഇടവക വാർത്തകൾ

ഇടവകയിലെ ഈ വർഷത്തെ OVBS ന്റെ സമാപന സമ്മേളനം
19.04.2026 വി.കുർബാനയ്ക്കുശേഷം നടത്തപ്പെട്ടു .
OVBS റാലിയിൽ നിന്നുള്ള കാഴ്ച

ഇടവക വാർത്തകൾ

ഇടവകയിലെ തണൽ ചാരിറ്റിയുടെ നേതൃത്വത്തിൽ നവീകരിച്ചു നൽകിയ ഭവനത്തിന്റെ കൂദാശകർമ്മം 24.05.2026 ന് ഇടവക വികാരി റവ. ഫാ. തോമസ് പി. മുകളിന്റെയും , റവ. ഫാ.പി.എം എബ്രഹാമിന്റെയും കാർമികത്വത്തിൽ നിർവഹിച്ചു.

KIDS CORNER

പൂമ്പാറ്റ

പാറി നടക്കും പൂമ്പാറ്റേ...പൂമ്പാറ്റേ...
പൂവിന്നടുത്തു വരും പൂമ്പാറ്റേ..പൂമ്പാറ്റേ...
തേൻകുടിക്കും പൂമ്പാറ്റേ...പൂമ്പാറ്റേ...
ഇഷ്ടമാണ് പൂമ്പാറ്റേ...പൂമ്പാറ്റേ...

ജോഷ്വൽ ജോജോ

മെബിൽ അജി വർഗ്ഗീസ്

സെലിൻ സാം

ഏതൻ മനു

PERINGANAD MARTHASHMOONI ORTHODOX VALIYAPALLY ADOOR

OFFICE BEARERS OF SHMOONI PRAVASI FORUM 2026-27

FR. THOMAS P. MUKALIL
(President)
+91 9447421948

JINU THOMAS
Vice President
+96562222789

PRIJO VARGHESE
Secretary
+91 9566185569

LIBIN ENSON
Jo. Secretary
+971525143767

SHINU MATHAI
Treasurer
+44 7769499337

EXECUTIVE MEMBERS

USA

SAMKUTTY P
+1(843)324-4582

UK

VARGHESE T
+447768162974

DUBY KOSHY
+447469062731

SAUDI

SIJU JOHNSON
+966 534237107

ANIL JOHN
+966 502864584

KUWAIT

SUNOJ THANKACHAN
+96598006196

RENJEN THOMAS
+96555995607

BAHRAIN

SUBIN VARGHESE
+97338826218

SIJO JOHN SAJI
+97333085312

CANADA

ROBIN RAJAN
+1(226)202-4440

INDIA

LIJO RAJAN
+918106579267

SUNIL JOHN
+917558052832

UAE

JOJI JOHN
+971559329723

REKHA SUNIL
+971551100251

BIJU DANIEL
+971563673241

QATAR

PRASAD P
+97466451369

AUSTRALIA

JESTIN JOY
+61457272620

SHIJO JOHN
+61418144241

OMAN

ANOOP JAMES
+968 75025233

BIJESH BIJU
+968 76558675

AUDITOR

ANU BIJU
+971562489638

EX-OFFICIO

RIBU BABY
+966541509849

നവ സഹദേന്മാരുടെ
മധ്യസ്ഥതയിൽ
അഭയപ്പെട്ടുകൊണ്ട്
ഒരു വിശ്വാസി